**This question paper consists of 34 questions and 8 printed pages.**
**ഈ ചോദ്യപേപ്പറിൽ 34 ചോദ്യങ്ങളും, 8 അച്ചടിച്ച പുറങ്ങളും ഉണ്ട്.**

| | |
|---|---|
| **Roll No.** റോൾ നമ്പർ | |

**Code No. 65/SS/A/MM**
കോഡ് നമ്പർ

**Set - A**

# MALAYALAM
**മലയാളം**
**(343)**

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ____________________

**Signature of Invigilators** 1. ____________________
**(മേൽനോട്ടക്കാരുടെ ഒപ്പ്)**
2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **65/SS/A/MM-A** എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (343)

സമയം : **3** മണിക്കൂർ | മാർക്ക് : **100**

**നിർദ്ദേശങ്ങൾ :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പത്ത് വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

---

**1** കുഞ്ഞാത്തലമ്മയുടെ നോട്ടം കരുണാമയിയായ ദേവിയുടേതു പോലെയാണെന്ന് ഗോവിന്ദൻകുട്ടിക്ക് തോന്നിയ സാഹചര്യം എന്ത്? **10×1=10**

(A) ക്രൂശിതയായ മനുഷ്യപുത്രിയുടെ മുന്നിൽ എത്തിയപ്പോൾ

(B) എല്ലാ സൗഭാഗ്യങ്ങളും ഉണ്ടായിട്ടും അവർ പട്ടിണികിടക്കുന്നതു കണ്ട്

(C) അന്നപൂർണേശ്വരിയായ കുഞ്ഞാത്തലമ്മ കുഞ്ഞുമകന് ഉച്ചക്കഞ്ഞിക്കുവേണ്ടി ഇരക്കേണ്ടിവരുന്നതു കണ്ട്

(D) ഗോവിന്ദൻകുട്ടിയുടെ പഠനച്ചെലവുകൾ അവർ ഏറ്റെടുത്തപ്പോൾ

**2** ആപ്തെയുടെ നിഘണ്ടുവിൽ ഉപനിഷത്തിനു നൽകിയിരുന്ന അർത്ഥം എന്ത്?

(A) അയൽവീട് (B) ലോകമേ തറവാട്

(C) പക്ഷിക്കൂട് (D) ബ്രഹ്മത്തിലേക്കുള്ള വഴി

**3** അമ്മക്കു നൽകാനായി നന്ദഗോപരുടെ കൈയിൽ കൃഷ്ണൻ കൊടുത്തയച്ചത് എന്ത്?

(A) കണ്ടിക്കഞ്ചേല (B) പാവകൾ

(C) ഓണവില്ല് (D) ചെമ്മുള്ള ചേലകൾ

4 കാലനില്ലാത്ത കാലത്തെ ദു:സ്ഥിതികളിൽപ്പെടാത്തത് ഏത്?

(A) അന്തണർക്ക് യാഗമില്ലാതായി

(B) വീടുകളിൽ കഞ്ഞിക്കു വകയില്ലാതായി

(C) ധർമ്മരാജൻ സത്രമൊന്നു സമാരംഭിച്ചു

(D) ഘോരമത്സ്യങ്ങൾ വിഴുങ്ങിയ കൊച്ചുമത്സ്യങ്ങൾ മറ്റൊരു ദ്വാരത്തിലൂടെ പുറത്തുവന്നു

5 പക്ഷികളുടെ കാര്യത്തിൽ പക്ഷികളല്ലാത്തവർ ഇടപെടുന്നത് ശരിയല്ല എന്ന നിലപാട് സ്വീകരിച്ചത് ആര്?

(A) മരംകൊത്തി

(B) നിസാർ അഹമ്മദ്

(C) കുഞ്ഞിപാത്തിമ്മ

(D) കെട്ടിയോൻകുരുവി

6 തൊഴിലാളികൾക്ക് ഐക്യം ഉണ്ടാകാതെ വന്നാൽ സംഭവിക്കുന്ന ആപത്തായി വള്ളത്തോൾ സൂചിപ്പിക്കുന്നത് എന്ത്?

(A) മനുഷ്യദ്രോഹത്തിന് ഇരയാകേണ്ടിവരും

(B) മുതലാളിമാർ സുഖാമൃതം ആസ്വദിക്കും

(C) മരിക്കുക എന്നത് സാധാരണമായിത്തീരും

(D) അടിമശ്ശവങ്ങൾ ചുടുകാട്ടിൽ അടിഞ്ഞുകൂടും

7 വിട്ടയക്കുക എന്ന കവിത നൽകുന്ന സന്ദേശം എന്താണ്?

(A) പാരതന്ത്ര്യം ഏറ്റവും വേദനാജനകമാണ്

(B) പ്രഭാതമാകുമ്പോൾ കിളികൾ പറക്കാൻ ആഗ്രഹിക്കുന്നു

(C) മർത്ത്യരുടെ പരിലാളനം പക്ഷികളെ സന്തോഷിപ്പിക്കുന്നില്ല

(D) പക്ഷികൾ ഏറ്റവും ഇഷ്ടപ്പെടുന്നത് കാനനമാണ്

8 വന്നേരിക്കാരെ അപേക്ഷിച്ച് തങ്ങൾ ഏതു കാര്യത്തിൽ ആഭിജാത്യം പുലർത്തുന്നു എന്നാണ് എം.ടി. പറയുന്നത്?

(A) ഓണത്തിന്റെ കാര്യത്തിൽ

(B) പൂക്കളുടെ കാര്യത്തിൽ

(C) പത്തായത്തിലെ നെല്ലിന്റെ കാര്യത്തിൽ

(D) പാണരുടെ പാട്ടിന്റെ കാര്യത്തിൽ

9 നാടകക്കളരി എന്ന ആശയത്തിന്റെ പ്രയോക്താവായി അറിയപ്പെടുന്നത് ആര്?

(A) എം.പി. പോൾ (B) വി.ടി. ഭട്ടതിരിപ്പാട്

(C) സുകുമാർ അഴീക്കോട് (D) ജി. ശങ്കരപ്പിള്ള

10 പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു - അതിന് ഇടയാക്കിയത് എന്ത്?

(A) പുഴയുടെ നടുക്ക് എത്തിയപ്പോഴുണ്ടായ കുളിയുടെ അനുഭവം

(B) കരിമ്പനപ്പട്ടകളിലെ കാറ്റ്

(C) അപരിചിതന്റെ സംഭാഷണം

(D) കുട്ട്യസ്സൻമാപ്പിളയുടെ വാക്കുകൾ

11 പാരിന് വിണ്ണേറാൻ പാതകാണിക്കുന്നത് ആര്? 1

12 കുട്ടികളെ കാലത്തിനനുസരിച്ച് തയ്യാറാക്കാൻ ഗോപാലൻ നായർ അവലംബിച്ച മാർഗം എന്ത്? 1

13 ചമ്മട്ടി പൂണ്ടു തങ്കത്തേർ ചങ്ങാതിക്കു തെളിച്ചതും - ചങ്ങാതി ആര്? 1

14 കാട്ടുപക്ഷി മെയ്ച്ചൂടിൽ അടവച്ചുണർത്തിയ കൊച്ചുമക്കളുടെ അവസ്ഥ എന്താണ്? 1

15 ഗാന്ധിജിയുടെ ആത്മകഥയുടെ പേര് എന്ത്? 1

16 തകരത്തമ്പുരാൻ എന്ന പദപ്രയോഗത്തിന്റെ വ്യാപ്തി എന്ത്? 2

17 നിന്റെ മനം കല്ലുകൊണ്ടാണോ എന്ന് ഗാന്ധാരി കൃഷ്ണനോട് ചോദിച്ച സാഹചര്യം എന്ത്? 2

18 മാധ്യമങ്ങൾ വൻ വ്യവസായമായി മാറാൻ ഉപയോഗിക്കുന്ന തന്ത്രം എന്ത്? 2

19 സുകുമാരകലകളുടെ ചരിത്രം എന്താണ് കാണിച്ചുതരുന്നത്? 2

20 പകലിന്റെ ശവമെടുക്കാൻ പ്രകൃതി ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാം? 2

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

21 മനോജിനെ ലഹരിയുടെ ഉപയോഗത്തിലേക്ക് നയിച്ച കുടുംബസാഹചര്യം എന്ത്? 3

22 കടങ്കഥകൾ ജനജീവിതം ചിത്രീകരിക്കുന്നു എന്നു പറയുന്നതിന്റെ യുക്തി എന്ത്? 3

23 കർണ്ണൻ സെബാസ്റ്റ്യൻ എന്ന വിളിപ്പേര് വരാനുണ്ടായ സാഹചര്യം എന്ത്? 3

24 സ്ത്രീകളുടെ സാമൂഹികപദവി പരിഷ്കൃത സമൂഹങ്ങളിൽപ്പോലും ആശാവഹമല്ലെന്നു പറയുന്നത് എന്തുകൊണ്ട്? 3

25 ഉതുപ്പാൻ കുഴിച്ച കിണർ ജനങ്ങൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തി? 3

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

26 ആനയും ആടും തമ്മിലുള്ള താരതമ്യത്തിൽ നാണുക്കുട്ടി കണ്ടെത്തിയ വസ്തുതകളും എത്തിച്ചേർന്ന നിഗമനവും എന്തെല്ലാം? 5

27 ഒന്ന്, രണ്ട്, മൂന്ന് എന്ന കവിത നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം? 5

28 ഒരാൾക്ക് എത്ര ഭൂമിവേണം എന്ന കഥ ഇന്നും പ്രസക്തമാകുന്നത് എങ്ങനെ? 5

29 അന്തിത്തിരി എന്ന കവിതക്ക് ഒരു ലഘു ആസ്വാദനം തയ്യാറാക്കുക 5

30 ദുര്യോധനന്റെ വേർപാട് ഗാന്ധാരിയിൽ ഉണ്ടാക്കിയ ആഘാതം എത്രത്തോളമാണ്? കാവ്യഭാഗം വിശകലനംചെയ്ത് വിവരിക്കുക. 5

31 കർണപർവം എന്ന ചെറുകഥ കുടുംബബന്ധങ്ങളിലെ ശൈഥില്യം പ്രതിഫലിപ്പിക്കുന്നത് എങ്ങനെ? 5

**രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

32 ചെറുശ്ശേരിയുടെ കാവ്യരീതി അമ്മയ്ക്കൊരു സന്ദേശം എന്ന കാവ്യഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക. 10

**അല്ലെങ്കിൽ**

ചുറ്റുപാടുമുള്ള ജീവിതത്തെ വിമർശിക്കാൻ പുരാണകഥാസന്ദർഭങ്ങൾ കുഞ്ചൻനമ്പ്യാർ ഫലപ്രദമായി ഉപയോഗിച്ചത് എങ്ങനെയെന്ന് പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

33 സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചിത്രം സബർമതിയുടെ തീരത്ത് എന്ന നാടകം എങ്ങനെ വരച്ചുകാട്ടുന്നു? 10

**അല്ലെങ്കിൽ**

ഒരു പാട്ടു പിന്നെയും എന്ന കവിത മുന്നോട്ടു വയ്ക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വിശകലനംചെയ്ത് ഉപന്യാസം തയ്യാറാക്കുക.

34 ഒ.വി. വിജയന്റെ കടൽത്തീരത്ത് എന്ന ചെറുകഥ മലയാളത്തിലെ ഏറ്റവും ശക്തമായ രചനകളിൽ ഒന്നായി ഇടംതേടുന്നത് എങ്ങനെ? **10**

**അല്ലെങ്കിൽ**

കണ്ണാന്തളിപ്പൂക്കളുടെ കാലം എന്ന രചനക്ക് അനുഭവത്തിന്റെ തീവ്രതയും കഥയുടെ ചാരുതയും ഒരേ സമയം കൈവരുന്നത് എങ്ങനെ?